I. ഇ.ബി. XV1-കേരള നിയമസഭ/I-9

**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജൂൺ 23, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I ഗവർണ്ണറുടെ സന്ദേശം**

2026 മേയ് 29-ാം തീയതി സഭ അംഗീകരിച്ച നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസ് മദ്യത്തിന് നികുതി ഇളവ് നൽകാനുള്ള ബജറ്റ് നിർദേശം സംബന്ധിച്ചാണ്. ബജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വ്യക്തത വരുത്തിയതിനുശേഷമാണ് മറ്റ് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടത്. ഇന്നും നാളെയും പ്രതിപക്ഷാംഗങ്ങൾക്ക് ബജറ്റ് ചർച്ചയിൽ ഈ വിഷയം സംസാരിക്കാനുള്ള അവസരമുണ്ട്. ബജറ്റ് ചർച്ച നടക്കുമ്പോൾ ബജറ്റിലുൾപ്പെട്ട വിഷയങ്ങളിൽ റൂൾ 50 അവതരിപ്പിക്കാൻ പാടില്ലെന്ന റൂളിങ്ങുണ്ട്. പ്രസ്തുത സാഹചര്യത്തിൽ റൂൾ 50 പ്രകാരമുള്ള നോട്ടീസിന് അനുമതി നൽകാൻ സാധിക്കില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**III ശ്രദ്ധക്ഷണിക്കൽ**

വികസന സമത്വവും ജനസംഖ്യാനുപാതത്തിലുള്ള വിഭവ വിതരണവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. വി. ഇബ്രാഹിം: മനുഷ്യ വികസന സൂചികയിൽ രാജ്യത്തിന് മാതൃകയായ കേരളത്തിലെ വിവിധ പ്രദേശങ്ങൾക്കിടയിൽ വികസനത്തിലും സർക്കാർ സേവനങ്ങളുടെ ലഭ്യതയിലും അസമത്വങ്ങൾ നിലനിൽക്കുകയാണ്. ജനസംഖ്യാ പിന്നോക്ക അവസ്ഥ

പരിഗണിക്കുമ്പോൾ അടിസ്ഥാന സൗകര്യ മേഖലകളിൽ ജില്ലകൾക്ക് തുല്യ പരിഗണന ലഭിക്കുന്നില്ല. വികസന അസമത്വത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തുകയും ആരോഗ്യ, വിദ്യാഭ്യാസ, ഗതാഗത മേഖലകളിൽ ജനസംഖ്യാനുപാതത്തിലുള്ള വിഭവ വിതരണം ഉറപ്പാക്കുകയും പ്രാദേശിക വികസന സമത്വ കമ്മിഷൻ രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യണം. ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ ജനസംഖ്യാനുപാതികമായി പുനഃക്രമീകരിക്കാനും പിന്നോക്ക പ്രദേശങ്ങൾക്കായി പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിക്കാനും വികസന പദ്ധതികളുടെ ജില്ലാതല വിലയിരുത്തലിനും സമതുലിതമായ വിഭവവിതരണത്തിനുമായി സ്ഥിരം സംവിധാനം രൂപീകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): അടിസ്ഥാന സൗകര്യ വികസനത്തിലും വിഭവങ്ങളുടെ വിതരണത്തിലും സന്തുലിതാവസ്ഥ ഉറപ്പാക്കി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും സർക്കാർ സേവനങ്ങളും വികസന ഫലങ്ങളും തുല്യമായി ലഭ്യമാക്കി സാമൂഹ്യ നീതിയോടുകൂടിയ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. സമസ്ത മേഖലകളിലും ജനസംഖ്യ, പിന്നോക്കാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ സമഗ്രമായി പരിഗണിച്ചുകൊണ്ടുള്ള നയസമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. പ്രാദേശിക അസമത്വങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ പ്രായോഗിക നടപടികൾ സ്വീകരിക്കുകയും കാസർഗോഡ്, വയനാട്, ഇടുക്കി, കുട്ടനാട് പാക്കേജുകൾ കാര്യക്ഷമമായി നടപ്പാക്കുകയും വികസനക്ഷേമ പ്രവർത്തനങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിലും ആരോഗ്യ, വിദ്യാഭ്യാസരംഗത്ത് മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്കും തീരദേശ-മലയോര മേഖലയിലെ ജനസമൂഹത്തിനും പര്യാപ്തമായ വിഹിതം ഉറപ്പാക്കുകയും ചെയ്യും. ആദിവാസി സമൂഹങ്ങളുടെ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പുരോഗതിക്കായി വയനാട് ട്രൈബൽ സർവകലാശാല, തദ്ദേശീയ വിജ്ഞാന മേഖല, ട്രൈബൽ കെയർ യൂണിറ്റ് എന്നിവയും തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പുവരുത്തുന്നതിന് കോസ്റ്റൽ കെയർ യൂണിറ്റും അനുവദിക്കും. ജില്ലാതല വികസന അസമത്വം കുറയ്ക്കുകയും ജനസംഖ്യയും പിന്നോക്കാവസ്ഥയും പരിഗണിച്ചുള്ള വിഭവവിതരണം ഉറപ്പാക്കുകയും ജനസംഖ്യാടിസ്ഥാനത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന

നൽകുകയും ചെയ്യും. പ്രാദേശിക വികസന സമത്വ കമ്മിഷൻ രൂപീകരിക്കുകയും അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(നോട്ടീസ് നൽകിയ അംഗം പ്രൊഫ. സി. രവീന്ദ്രനാഥ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV സബ്മിഷൻ

(1) സാമൂഹ്യക്ഷേമ പെൻഷൻ മാനദണ്ഡങ്ങൾ പരിഷ്കരിക്കൽ

ശ്രീ. ടി. പി. അഷ്റഫലി: സാമൂഹ്യക്ഷേമ പെൻഷൻ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നൽകിവരുന്ന സാമൂഹ്യക്ഷേമ പെൻഷൻ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനും അനർഹർ കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമാണ് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. അവ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) മൂലം വള്ളംകളിക്ക് പ്രാദേശിക അവധി

ശ്രീ. റെജി ചെറിയാൻ: കുട്ടനാട് താലൂക്കിൽ മൂലം വള്ളംകളി നടക്കുന്ന ദിവസം പ്രാദേശിക അവധി അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കുട്ടനാട് താലൂക്കിൽ മൂലം വള്ളംകളി നടക്കുന്ന ദിവസം മുൻ വർഷങ്ങളിൽ പ്രാദേശിക അവധി നൽകിയിട്ടില്ല. വിശേഷ ദിവസങ്ങളിൽ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി പ്രഖ്യാപിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് മുൻകൂർ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവുകളിൽ വള്ളംകളി ഉൾപ്പെടുത്തിയിട്ടില്ല. പുതുതായി പൊതു അവധി, നിയന്ത്രിത അവധി, പ്രാദേശിക അവധി എന്നിവ അനുവദിക്കേണ്ടതില്ലെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മൂലം വള്ളംകളി ദിവസം കുട്ടനാടിന് പ്രാദേശിക അവധി അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(3) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര വികസന പാർക്ക്

ശ്രീ. പാറക്കൽ അബ്ദുല്ല: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര വികസന പാർക്ക് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര വികസന പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(4) പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കൽ

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷനും അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വാഹനവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അഞ്ച് പഞ്ചായത്തുകളും പതിനാറ് വില്ലേജുകളും ഉൾപ്പെടുന്ന അന്തിക്കാട് പോലീസ് സ്റ്റേഷനിൽ അടിയന്തരമായി ഒരു വാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് വർധിച്ചുവരുന്ന കേസ്സുകളുടെ എണ്ണം, സ്റ്റേഷൻ പരിധിയുടെ വിസ്തീർണ്ണം, ജനസാന്ദ്രത എന്നിവ കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(5) മാനന്തവാടി സർക്കാർ മെഡിക്കൽ കോളേജിന് സ്ഥലം ലഭ്യമാക്കൽ

ശ്രീമതി ഉഷ വിജയൻ: വയനാട് ജില്ലയിൽ മാനന്തവാടി സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): 12-02-2021-ൽ മാനന്തവാടി ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജാക്കി മാറ്റിയിട്ടുണ്ട്. മാനന്തവാടി വില്ലേജിലെ വെസ്റ്റഡ് ഫോറസ്റ്റിൽപ്പെട്ട അമ്പുകുത്തിമലയിലെ ഭൂമിക്കുപകരം റവന്യൂ വകുപ്പിന്റെ 28 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചതനുസരിച്ച് പരിവേഷ് പോർട്ടലിൽ ധാരണാപത്രം അപ്‌ലോഡ് ചെയ്യുകയും ഡി.പി.ആർ. ഉൾപ്പെടെയുള്ളവയുടെ പോരായ്മകൾ പരിഹരിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് ഡി.എം.ഇ.-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. ആയി ഇൻകെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(6) ചേലക്കര നിയോജകമണ്ഡലത്തിലെ കാട്ടാനശല്യം

ശ്രീ. യു. ആർ. പ്രദീപ്: ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിലെ കാട്ടാന ശല്യം തടയാനും ചേലക്കരയിലെ ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ചേലക്കര നിയോജകമണ്ഡലത്തിലെ ജനവാസ മേഖലയിൽ ആനകൾ കടക്കാതിരിക്കാനായി 32.8 കിലോമീറ്റർ ദൂരം സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുണ്ട്. അതിനുപുറമെ 30 കിലോമീറ്റർ ദൂരത്തിൽകൂടി സോളാർ ഫെൻസിങ് സ്ഥാപിക്കുന്നുണ്ട്. ചേലക്കരയിൽ താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിക്കുന്നുണ്ട്. ആനകളെ വനമേഖലയിലേക്ക് തിരിച്ചയയ്ക്കാനുള്ള മാർഗത്തെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

(7) പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശങ്ങൾ പെരിയാർ ടൈഗർ റിസർവിൽനിന്ന് ഒഴിവാക്കൽ

ശ്രീ. സെബാസ്റ്റ്യൻ എം. ജെ.: പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശങ്ങൾ പെരിയാർ ടൈഗർ റിസർവിൽനിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2007-ൽ പെരിയാർ ടൈഗർ റിസർവിൽ കൂട്ടിച്ചേർത്ത ജനവാസ കേന്ദ്രങ്ങളെ അതിൽനിന്ന് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ നിർദേശമനുസരിച്ച് എരുമേലിയിൽ ഉൾപ്പെട്ടിട്ടുള്ള പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശങ്ങൾക്കുപകരമായി വനപ്രദേശം ഐഡന്റിഫൈ ചെയ്ത് കൊടുത്തിട്ടുണ്ട്. ഇക്കാര്യം ഒരിക്കൽകൂടി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(8) മലയോര ഹൈവേ

ശ്രീ. ആര്യാടൻ ഷൗക്കത്ത്: മലപ്പുറം-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിലമ്പൂർ-മുണ്ടേരി-മേപ്പാടി മലയോര ഹൈവേ യാഥാർഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): നിലമ്പൂർ-മുണ്ടേരി-മേപ്പാടി മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട സംയുക്ത പരിശോധനയിൽ നിലവിലുള്ള റോഡുകളൊന്നും അലൈൻമെന്റിൽ ഉൾപ്പെടാത്തതിനാൽ ഹൈവേ നിർമ്മാണം അപ്രായോഗികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അലൈൻമെന്റ് പരിഷ്കരിച്ച് പാത യാഥാർഥ്യമാക്കാൻ സർക്കാർ മുൻകൈ എടുക്കുന്നതാണ്.

(9) കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം

ശ്രീ. പി. പി. സുമോദ്: തരൂർ നിയോജകമണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): കഴനി-പഴമ്പാലക്കോട് റോഡിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ബിറ്റുമിന്റെ വില വർധിച്ചതിനാൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ട്. നിലവിലുള്ള കരാറുകാർക്ക് ബിറ്റുമിന്റെ വിലവ്യത്യാസം നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതുമാണ്.

(10) നെന്മാറ-ഒലിപ്പാറ റോഡ് നവീകരണം

ശ്രീ. കെ. പ്രേമൻ: നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ-ഒലിപ്പാറ റോഡ് നവീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): നെന്മാറ-ഒലിപ്പാറ റോഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ വീഴ്ചവരുത്തിയ കരാറുകാരനെ ടെർമിനേറ്റ് ചെയ്തതിനെതിരെ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതി നിർദേശ പ്രകാരം ഹിയറിങ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എത്രയുംവേഗം പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VII ധനകാര്യം

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. സനീഷ്കുമാർ ജോസഫ്: ബജറ്റിനെ അനുകൂലിക്കുന്നു. ഉയർന്ന പൊതുകടം, വർധിച്ചുവരുന്ന ചെലവുകൾ, പരിമിതമായ ധനകാര്യ വിഹിതം തുടങ്ങിയ വെല്ലുവിളികൾക്കിടയിലും ജനോപകാരപ്രദവും വികസനോന്മുഖവുമായ ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ചാലക്കുടിയിൽ റവന്യൂ ടവർ, പനമ്പിള്ളി ഗോവിന്ദമേനോൻ സ്മാരകം, അതിരപ്പിള്ളി വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രകൃതി സൗഹൃദ ലൈറ്റിങ് ഉൾപ്പെടെ നിരവധി പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയത് പ്രശംസനീയമാണ്.

സർക്കാരിന്റെ ആരംഭകാലത്തുതന്നെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പാലിക്കാൻ ശ്രമിക്കുന്നത് അഭിനന്ദനാർഹമാണ്. വൺ കേരള കരുതൽ മിഷൻ, പ്രവാസി നിക്ഷേപ ഫണ്ട്, പാചകകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ ബജറ്റ് പ്രഖ്യാപനങ്ങൾ ശ്രദ്ധേയമാണ്. വന്യജീവി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ കൂടുതൽ റാപിഡ് റെസ്പോൺസ് ടീമിനെ വിന്യസിക്കുകയും കടുവ, പുലി എന്നിവയുടെ സെൻസസ് നടത്തി മാറ്റിപാർപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കലാഭവൻ മണിയുടെ പേരിൽ സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. തലമുറകളായി ഇറിഗേഷൻ ഭൂമിയിലും വന ഭൂമിയിലും താമസിക്കുന്നവർക്ക് പട്ടയം നൽകാനും പ്രസ്തുത ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിക്കാനും അനുമതി നൽകണം. കൊച്ചി മെട്രോ കൊരട്ടി വരെ ദീർഘിപ്പിക്കാനും കൊരട്ടിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള 250 ഏക്കർ ഭൂമിയിൽ എയിംസ് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ബജറ്റിനെ എതിർക്കുന്നു. പൊതുമുതൽ സ്വകാര്യ കോർപറേറ്റുകൾക്ക് തീറെഴുതാനുള്ള പദ്ധതികളാണ് ബജറ്റിലുടനീളമുള്ളത്. സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകളിൽ സൗജന്യ യാത്ര പ്രഖ്യാപിച്ചതിനുശേഷം ഓർഡിനറി ബസ്സുകളിൽ സിറ്റി ഫാസ്റ്റ് സ്റ്റിക്കർ പതിപ്പിച്ച നടപടി അപലപനീയമാണ്.

<u>ശ്രീ. എം. എ. റസാഖ് മാസ്റ്റർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ എന്ന ആശയം ബജറ്റിൽ ഉൾപ്പെടുത്തണം. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്ക് അധിക തുക അനുവദിക്കാനും അയ്യായിരത്തോളം പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുന്ന ഒരു ഐ.ടി. ഹബ്ബ് മാവൂരിലെ ഗ്വാളിയർ റയോൺസിന്റെ സ്ഥലത്ത് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. വിനോദസഞ്ചാര സാധ്യതകളുള്ളതും കോഴിക്കോട് തുറമുഖ നഗരത്തിന് പുതുജീവൻ നൽകുന്നതുമായ മാമ്പുഴ പുഴയെ മിഷൻ സമുദ്ര പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിക്കുന്നതിനും കോഴിക്കോട് താലൂക്ക് വിഭജിച്ച് കുന്ദമംഗലം ആസ്ഥാനമായി പുതിയൊരു താലൂക്ക് രൂപീകരിക്കുന്നതിനും കോഴിക്കോട് മെഡിക്കൽ കോളേജ് നവീകരിക്കുന്നതിനും ബജറ്റിൽ പ്രത്യേക പരിഗണന നൽകണം. ചെറൂപ്പയിലെ പബ്ലിക് ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ പരിഹരിക്കാനും വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി അതിനെ സി.എച്ച്. സെന്ററായി ഉയർത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ബജറ്റിനെ എതിർക്കുന്നു. സർക്കാർ ജീവനക്കാർക്കും ക്ഷേമ പെൻഷൻകാർക്കും നൽകിയ വാഗ്ദാനങ്ങൾ പാലിക്കാത്തതും പി.എം.ശ്രീ പദ്ധതി സംബന്ധിച്ച മുൻ നിലപാടിൽനിന്നും സർക്കാർ പിന്നോക്കം പോയതും ജനങ്ങളോടുള്ള വെല്ലുവിളിയാണ്. കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവീസില്ലാത്ത മലബാർ മേഖലയിലെ സ്ത്രീകൾക്കുകൂടി സൗജന്യ ബസ് യാത്രാസൗകര്യം ലഭ്യമാക്കണം. മലബാറിന് പ്രത്യേകിച്ച് പാലക്കാട് ജില്ലയ്ക്ക് ബജറ്റിൽ പ്രത്യേക പരിഗണന നൽകണം. പട്ടാമ്പി ആസ്ഥാനമായി വള്ളുവനാട് ജില്ല രൂപീകരിക്കണം. വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതിയിൽ വരുത്തിയ കുറവ് വൻകിട മദ്യ കമ്പനികളെ സഹായിക്കുന്നതിനുവേണ്ടിയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് കോർപറേഷനേയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ (എം&എം) ലിമിറ്റഡിനേയും ലയിപ്പിക്കുമെന്ന പ്രഖ്യാപനത്തോട് യോജിക്കാൻ കഴിയില്ല. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് സ്കീമിൽ പ്രീമിയം തുക ഈടാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വർഗീയ കാഴ്ചപ്പാടുള്ള ഉദ്യോഗസ്ഥരെ നിയമിച്ചത് കേരള സമൂഹത്തിന്റെ പൊതു താൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

ചീഫ് വിപ്പ് (<u>ശ്രീ. അപു ജോൺ ജോസഫ്</u>): ബജറ്റിനെ അനുകൂലിക്കുന്നു. ഉപാധിരഹിത പട്ടയ ക്രമവൽക്കരണം, വന്യജീവി സെൻസസ്, ബഹുവിള കൃഷി എന്നിങ്ങനെ മലയോര-കാർഷിക മേഖലയ്ക്ക് പ്രതീക്ഷ നൽകുന്ന ബജറ്റാണിത്. നദികളിലെ ചരക്കുഗതാഗതം സുഗമമാക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണം. നിയമഭേദഗതിയിലൂടെ പരമാവധി ഭിന്നശേഷി സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകണം. പെരുമാങ്കണ്ടം-വെസ്റ്റ് കോടിക്കുളം-പരിയാരം-പാറമട റോഡ് നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. മുരളീധരൻ</u>: ബജറ്റിനെ എതിർക്കുന്നു. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം കാറ്റിൽപ്പറത്തുന്ന ബജറ്റാണിത്. മുൻ സർക്കാരിന്റെ മദ്യനയംതന്നെ തുടരുന്നത് ഖേദകരമാണ്. മിഷൻ സമുദ്ര പോലെയുള്ള പദ്ധതികൾ തീരദേശവാസികളോട് ചർച്ച ചെയ്യാതെ പ്രഖ്യാപിച്ചത് അപലപനീയമാണ്. വർഷങ്ങളായി തുടരുന്ന മുതലപ്പൊഴിയിലെ കടലാക്രമണത്തിന് പരിഹാരമുണ്ടാക്കണം. ബജറ്റ് പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.

ടെക്നോപാർക്ക് വികസനംമൂലം കഴക്കൂട്ടം മണ്ഡലത്തിലെ മുള്ളുവിളയിലുണ്ടായ വെള്ളക്കെട്ടും ടെക്നോപാർക്കിലെ കുടിവെള്ളക്ഷാമവും പരിഹരിക്കണം.

ശ്രീ. ഉല്ലാസ് കോവൂർ: ബജറ്റിനെ അനുകൂലിക്കുന്നു. സമഗ്ര വികസനവും കൃത്യമായ പ്ലാനിങ്ങും ലക്ഷ്യമിടുന്ന ബജറ്റാണിത്. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര, വയോജന ക്ഷേമ വകുപ്പ് രൂപീകരണം, ആരോഗ്യ മേഖലയെ പുനരുജ്ജീവിപ്പിക്കൽ, തീരദേശ മേഖലയുടെ ഉന്നമനം, വൺ കേരള കരുതൽ മിഷൻ, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ഭവന പദ്ധതി, പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കുള്ള ഗ്രാന്റുകൾ സമയബന്ധിതമായി നൽകാനുള്ള തീരുമാനം, ട്രൈബൽ യൂണിവേഴ്സിറ്റി രൂപീകരണം എന്നിവ അഭിനന്ദനാർഹമാണ്. കേരള നോളജ് വാലി, ഹെൽത്ത് ആൻഡ് ലൈഫ് സയൻസ് സിറ്റി, സിൽവർ ഇക്കോണമി, ഗ്രീൻ എനർജി പ്രോജക്ടുകൾ എന്നിവ പ്രതീക്ഷ നൽകുന്നവയാണ്. മിഷൻ സമുദ്ര, ഇൻവെസ്റ്റ് കേരളം സെൽ, ഇൻവെസ്റ്റ്മെന്റ് അഡ്വൈസറി കമ്മിറ്റി, എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, ഗ്ലോബൽ ജോബ് വാച്ച് ടവർ എന്നിവ തൊഴിലവസരങ്ങളും സാമ്പത്തിക വളർച്ചയും സൃഷ്ടിക്കും. കൊല്ലം ജില്ലയെ സതേൺ കേരള ഇക്കണോമിക് കോറിഡോറിന്റെ ഭാഗമാക്കിയത് അഭിനന്ദനാർഹമാണ്.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ക്ഷേമപ്രവർത്തനങ്ങൾക്കും പ്രാദേശിക വികസനത്തിനും ഊന്നൽ നൽകുന്ന ബജറ്റാണിത്. പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി ചരിത്രപരമായ ചുവടുവയ്പാണ്. തുളുന്തൻകടവ്, പാമ്പുരുത്തി പാലങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്തണം. കേരള ബാങ്കിനെ ജില്ലാ ബാങ്ക് സംവിധാനത്തിലേക്ക് തിരിച്ചെത്തിക്കണം. പുഴകളുടെ ഡീസിൽറ്റേഷൻ നടത്തണം. സമാന സ്വഭാവമുള്ള ബോർഡുകളെയും കോർപ്പറേഷനുകളെയും ഏകീകരിക്കണം.

ശ്രീ. ടി. ഒ. മോഹനൻ: ബജറ്റിനെ അനുകൂലിക്കുന്നു. ബജറ്റിൽ സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ജെൻ-Z തലമുറയ്ക്കും ഒരുപോലെ പരിഗണന നൽകിയത് ശ്ലാഘനീയമാണ്. കണ്ണൂരിൽ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി ത്വരിതപ്പെടുത്താനും ഗതാഗതക്കുരുക്കും യാത്രാക്ലേശവും പരിഹരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. കണ്ണൂർ വിമാനത്താവളത്തിന് പോയിന്റ് ഓഫ് കാൾ പദവി ലഭ്യമാക്കുന്നതിന് നടപടി

സ്വീകരിക്കണം. കണ്ണൂർ-തലശ്ശേരി റോഡിലെ നടാൽ ഗേറ്റിന് സമീപം ഒരു അണ്ടർ പാസ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എഫ്. രാജ: ബജറ്റിനെ അനുകൂലിക്കുന്നു. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി തോട്ടം തൊഴിലാളികൾക്കും വിദ്യാർഥിനികൾക്കും കൈത്താങ്ങായി മാറും. ദേവികുളം നിയോജകമണ്ഡലത്തിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ തടസ്സങ്ങൾ നീക്കുന്നതിനും വിദ്യാർഥികൾക്ക് വിദ്യാഭ്യാസവും തൊഴിൽ അവസരങ്ങളും ഉറപ്പാക്കുന്നതിനും പതിമൂന്ന് ഗ്രാമങ്ങളിൽ എൻ.ഒ.സി. ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കി പട്ടയം നൽകാനും നടപടി സ്വീകരിക്കണം. എസ്റ്റേറ്റ് മേഖലകളിൽ തലമുറകളായി ലൈൻ വീടുകളിൽ താമസിക്കുന്നവർക്ക് ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കണം. വന്യജീവി ആക്രമണത്തിന് ശാശ്വത പരിഹാരം കാണാനും ദുരിതമനുഭവിക്കുന്ന കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും മൂന്നാർ സർക്കാർ ആർട്സ് കോളേജിന് സ്ഥിരം കെട്ടിടം നിർമ്മിക്കാനും നേര്യമംഗലം-വാളറ ദേശീയപാതാ പ്രവൃത്തികൾ പൂർത്തീകരിക്കാനും മലയോര മേഖലയിലെ ജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനും മൂന്നാർ കായിക മൈതാനം ദേശീയ നിലവാരത്തിലേക്ക് ഉയർത്താനും നടപടി സ്വീകരിക്കണം.

ശ്രീ. നീലകണ്ഠൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേരള ജനതയുടെ സ്വപ്നങ്ങൾക്ക് കരുത്തുപകരുന്ന, ലക്ഷ്യബോധമുള്ള, സ്ത്രീ സൗഹൃദ ബജറ്റാണിത്. കോവളം-ബേക്കൽ ജലപാത, കാസർഗോഡ് മെഡിക്കൽ കോളേജ് എന്നിവ യാഥാർഥ്യമാക്കുമെന്നും എൻഡോസൾഫാൻ ദുരിതബാധിതരെ ഏറ്റെടുക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. പുതിയതരം മയക്കുമരുന്നുകൾ തിരിച്ചറിയുന്നതിനുള്ള ഡ്രഗ് അഡിക്ഷൻ കിറ്റിന്റെ ലഭ്യത ഉറപ്പാക്കുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. ആശാവർക്കർമാരുടെ ഓണറേറിയവും അംഗണവാടി ഹെൽപ്പർമാരുടെയും പ്രീ-പ്രൈമറി അധ്യാപകരുടെയും പാചകത്തൊഴിലാളികളുടെയും വേതനവും വർധിപ്പിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ബജറ്റിനെ എതിർക്കുന്നു. പദ്ധതികൾക്കുള്ള ധനസമാഹരണം ഉറപ്പാക്കാത്ത ബജറ്റാണിത്. കാർഷികം, മൃഗസംരക്ഷണം, വനം-വന്യജീവി, തദ്ദേശസ്വയഭരണം, മൽസ്യബന്ധനം, പൊതുജനാരോഗ്യം എന്നീ

മേഖലകളിലെ വിഹിതം ഗണ്യമായി കുറച്ചത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെയും അധികാര വികേന്ദ്രീകരണത്തെയും ദുർബലപ്പെടുത്തുന്നതാണ്. യുവജനങ്ങളുടെ തൊഴിൽ സുരക്ഷ, സംരംഭകത്വം, നൈപുണ്യവികസനം എന്നിവയ്ക്ക് ഊന്നൽ നൽകാത്ത ബജറ്റാണിത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ സാമ്പത്തിക ബാധ്യത, പ്രീമിയം, ധനസമാഹരണം എന്നിവ സംബന്ധിച്ച് ബജറ്റിൽ വ്യക്തമാക്കിയിട്ടില്ല. രണ്ടാം ഭൂപരിഷ്കരണം, മാരിടൈം പോളിസി, മിഷൻ സമുദ്ര എന്നിവ പൊതുവിഭവത്തെ സ്വകാര്യ മേഖലയിലേക്ക് നയിക്കുന്നവയാണ്. കേരളത്തിന്റെ ജനകീയ നയങ്ങളെയും ക്ഷേമ പദ്ധതികളെയും വിസ്മരിച്ചുകൊണ്ടുള്ള ഈ ബജറ്റിന്റെ രാഷ്ട്രീയ ദിശയും സാമ്പത്തിക യാഥാർഥ്യവും പുനഃപരിശോധിച്ച് ജനക്ഷേമത്തിന് മുൻഗണന നൽകണം.

ശ്രീ. പി. എം. എ. സമീർ: ബജറ്റിനെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യവികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കുമാവശ്യമായ ഫണ്ട് ബജറ്റിൽ വകയിരുത്തിയത് ശ്ലാഘനീയമാണ്. മലപ്പുറം ജില്ലയിലെ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ അനുബന്ധ വികസനത്തിനായി ഭൂമി ഏറ്റെടുക്കണം. പരപ്പനങ്ങാടിയിലെ നെടുവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കണം. തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്താനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാനും സത്വര നടപടി സ്വീകരിക്കണം.

ശ്രീ. സിറിയക് തോമസ്: ബജറ്റിനെ അനുകൂലിക്കുന്നു. ആശാവർക്കർമാരുടെയും അംഗണവാടി ജീവനക്കാരുടെയും ഓണറേറിയവും പാചകത്തൊഴിലാളികളുടെ വേതനവും വർധിപ്പിച്ചതും സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിച്ചതും അഭിനന്ദനാർഹമാണ്. ഓപ്പറേഷൻ തൂഫാൻ, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, സിൽവർ ഇക്കോണമി, ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, വൺ കേരള കരുതൽ മിഷൻ തുടങ്ങിയ പദ്ധതികളും പട്ടയവിതരണത്തിനും പട്ടയഭൂമിയിലെ നിർമ്മാണങ്ങൾ ഉപാധിരഹിതമായി ക്രമവൽക്കരിക്കാനുമുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. മലയോര മേഖലയിൽ ബഹുവിള കൃഷിരീതി പ്രോത്സാഹിപ്പിക്കാനും തോട്ടം മേഖലയിൽ കൂടുതൽ സ്ഥലം ടൂറിസത്തിനായി ഉപയോഗിക്കാനുമാവശ്യമായ നിയമനിർമ്മാണം നടത്തുമെന്ന പ്രഖ്യാപനം കേരളത്തിൽ

വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകൾക്കായി പ്രത്യേക പാക്കേജുകൾ നടപ്പാക്കുമെന്ന പ്രഖ്യാപനം അഭിമാനകരമാണ്. പീരുമേട് നിയോജകമണ്ഡലത്തിലെ തോട്ടം മേഖലയിൽ ലയങ്ങൾക്ക് പകരം വസതികൾ നിർമ്മിക്കാനും അവിടത്തെ ജീവനക്കാർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി, സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നിവ നൽകുന്നതിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും നടപടിയുണ്ടാകണം. പൂട്ടിക്കിടക്കുന്ന തോട്ടം മേഖലകളിലെ ഭൂമി ഏറ്റെടുത്ത് മൾട്ടി പർപ്പസ് വ്യവസായ പാർക്ക് ആരംഭിക്കണം. പീരുമേട് കേന്ദ്രീകരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും ഗവൺമെന്റ് ആർട്സ് കോളേജും ആരംഭിക്കുന്നതിനും പോളിടെക്നിക്ക് കോളേജുകളിൽ നൂതന കോഴ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ടൂറിസം ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യവികസനം സാധ്യമാക്കാനും തേക്കടി കേന്ദ്രീകരിച്ച് ടൂറിസം സർക്യൂട്ട് നടപ്പാക്കാനും മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ പ്രതിരോധ മാർഗങ്ങൾ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. ആലടി പ്രദേശത്ത് പെരിയാറിന് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തണം. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് കൂടുതൽ തുക അനുവദിക്കണം.

ശ്രീ. മനോജ് മൂത്തേടൻ: ബജറ്റിനെ അനുകൂലിക്കുന്നു. സർവതലസ്പർശിയായ ബജറ്റാണിത്. വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി ഗ്ലോബൽ ഫർണിച്ചർ ഹബ്ബിന്റെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുത്തൻ ഉണർവ് നൽകുന്ന ബജറ്റാണിത്. കേരളത്തിലെ വിദ്യാഭ്യാസ-സാംസ്കാരിക-സാമൂഹ്യക്ഷേമ മേഖലകളെ പുനരുജ്ജീവിപ്പിക്കാനുതകുന്ന പദ്ധതികളാണ് ബജറ്റിൽ വിഭാവന ചെയ്തിട്ടുള്ളത്. ഓപ്പറേഷൻ ശുഭാൻ, പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതും വയോജനക്ഷേമ വകുപ്പ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. പെരുമ്പാവൂരിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. റെജി ചെറിയാൻ: ബജറ്റിനെ അനുകൂലിക്കുന്നു. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്നതും മുൻകാല വെല്ലുവിളികളെ മറികടന്ന് വികസനത്തിന് പ്രാമുഖ്യം നൽകുന്നതുമായ ബജറ്റാണിത്.

ശ്രീ. എ. പ്രഭാകരൻ: ബജറ്റിനെ എതിർക്കുന്നു. ധവളപത്രവും പുതുക്കിയ ബജറ്റിന്റെ ആമുഖവും കേരളം ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന പ്രതീതി

സൃഷ്ടിക്കുന്നതാണ്. ബജറ്റിന് മുമ്പുതന്നെ വിവിധ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ സർക്കാരിന് കഴിഞ്ഞത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അപകടാവസ്ഥയിലല്ലെന്നതിന്റെ തെളിവാണ്. കിഫ്ബിയെ ദുർബലപ്പെടുത്താനും ലൈഫ് പദ്ധതി ഇല്ലാതാക്കാനുമുള്ള നീക്കങ്ങൾ ആശങ്കാജനകമാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള വിഹിതം വെട്ടിക്കുറച്ചതും വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ് പ്രഖ്യാപിച്ചതും പ്രതിഷേധാർഹമാണ്.

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളാണ് ബജറ്റിലുള്ളത്. ലോകനിലവാരത്തിലുള്ള വികസനം സാധ്യമാക്കുന്നതിനാണ് മിഷൻ സമുദ്ര, കേരള മാരിടൈം പോളിസി എന്നിവ ബജറ്റിൽ വിഭാവന ചെയ്തിട്ടുള്ളത്. ലഹരി മാഫിയയ്ക്കെതിരായ ഓപ്പറേഷൻ തൂഫാൻ ശക്തമായി മുന്നോട്ടുകൊണ്ടുപോകണം. ജെൻ-Z കളെയും വനിതകളെയും വയോജനങ്ങളെയും ചേർത്തുപിടിച്ചതും പ്രിയദർശിനി സ്ത്രീ സൗജന്യയാത്ര നടപ്പാക്കിയതും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് 'മകൾക്കൊപ്പം' പദ്ധതി പ്രഖ്യാപിച്ചതും വിദ്യാർത്ഥിനികൾക്ക് ആർത്തവ അവധി അനുവദിച്ചതും അഭിനന്ദനാർഹമാണ്. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പുനരുജ്ജീവിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് സഹായകരമാകും. എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്കും മലബാർ ഫുട്ബോൾ സ്റ്റേഡിയവും വയനാട് ട്രൈബൽ സർവകലാശാലയും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക പരിഗണനയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്ലാഘനീയമാണ്. എലത്തൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനും താലൂക്ക് ആശുപത്രി നിർമ്മിക്കാനും തലക്കുളത്തൂർ-എലത്തൂർ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിക്കാനും ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സുധീർഷാ പാലോട്: ബജറ്റിനെ അനുകൂലിക്കുന്നു. സർവതലസ്പർശിയും ക്രിയാത്മകവും ശാസ്ത്രീയമായ നിർദേശങ്ങളുമടങ്ങിയ ബജറ്റാണിത്. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി നടപ്പാക്കിയത് ശ്ലാഘനീയമാണ്. ആശാവർക്കർമാരെ പ്രത്യാശയും അഭിമാനവുമുള്ളവരാക്കി മാറ്റാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വാമനപുരം

നിയോജകമണ്ഡലത്തിലെ ഒരു സർക്കാർ ആശുപത്രിയെ താലൂക്കാശുപത്രി നിലവാരത്തിലേക്ക് ഉയർത്തുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പിന്തുണയുണ്ടാകണം.

<u>ശ്രീ. കല്ലട മാഹിൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കുന്നതും നവകേരള സൃഷ്ടിക്ക് കരുത്ത് പകരുന്നതുമായ ദീർഘവീക്ഷണത്തോടുകൂടിയ ബജറ്റാണിത്. വികസന കാര്യത്തിൽ പിന്നോക്കംനിൽക്കുന്ന കാസർഗോഡ് ജില്ലയ്ക്ക് പ്രഥമ പരിഗണന നൽകുമെന്ന പ്രഖ്യാപനം ആശ്വാസകരമാണ്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കാസർഗോഡ് ആരംഭിച്ച നഴ്സിങ് സ്കൂളിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താനും ജനറൽ ആശുപത്രിയിലെ ബഹുനില കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തി ജില്ലയിൽ എയിംസ് അനുവദിക്കാനും നടപടി സ്വീകരിക്കണം. പള്ളത്തടുക്ക പാലത്തിന്റെ പുനർനിർമ്മാണത്തിന് ഫണ്ട് അനുവദിക്കാനും കാസർഗോഡ് സർക്കാർ കോളേജിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കാനും മണ്ഡലത്തിലെ അതിരൂക്ഷമായ വൈദ്യുതി പ്രശ്നം പരിഹരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. കാസർഗോഡ് ട്രാൻസ്മിഷൻ നെറ്റ്‌വർക്ക് സബ്‌സ്റ്റേഷൻ പദ്ധതി അടിയന്തരമായി നടപ്പാക്കണം. നഗരത്തിലെ അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാനും ജില്ലയിലെ അടയ്ക്കാ കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനും കുഡ്‌ലു, ചെങ്കള വില്ലേജ് ഓഫീസുകൾ വിഭജിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: ബജറ്റിനെ എതിർക്കുന്നു. അതിതീവ്ര സ്വകാര്യവൽക്കരണ നയങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് അപലപനീയമാണ്. നവകേരളം കെട്ടിപ്പടുക്കുന്നതിന് കഴിഞ്ഞ പത്ത് വർഷം ചാലക ശക്തിയായി പ്രവർത്തിച്ച ഘടകങ്ങളെ ഒഴിവാക്കിയും കേന്ദ്ര ഗവൺമെന്റിന്റെ വർഗീയ, സാമ്പത്തിക നയങ്ങളെ സ്പർശിക്കാതെയുമുള്ള ബജറ്റാണിത്. കഴിഞ്ഞ കാലങ്ങളിൽ യു.ഡി.എഫ്. ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന നിർദേശങ്ങളൊന്നും ബജറ്റിലില്ല. ആറ് മെഡിക്കൽ കോളേജുകൾക്കായി നീക്കിവച്ച തുക അപര്യാപ്തമാണ്. വിവിധ പദ്ധതികളുടെ തുക വെട്ടിക്കുറച്ചതും മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിനാവശ്യമായ തുക വകയിരുത്താത്തതും ആശങ്കാജനകമാണ്. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക,

ലീവ് സറണ്ടർ, ശമ്പള പരിഷ്കരണം, അഷ്വേർഡ് പെൻഷൻ സ്കീം എന്നീ കാര്യങ്ങളിൽ അനുകൂല പ്രഖ്യാപനങ്ങളുണ്ടായിട്ടില്ല. ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്തിലെ മങ്ങാട്ടുപാറയിൽ സോഫ്റ്റ് അഡ്വഞ്ചറസ് ടൂറിസം പാർക്കിനും പൂവച്ചൽ ഖാദർ സ്മാരക പാർക്കിനും കുറ്റിച്ചലിൽ വ്യവസായ-ലോജിസ്റ്റിക് പാർക്കിനും വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിനായി ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകാനും തുക അനുവദിക്കണം.

ശ്രീ. വി. ടി. സൂരജ്: ബജറ്റിനെ അനുകൂലിക്കുന്നു. ജെൻ-Z തലമുറയ്ക്ക് പ്രതീക്ഷയും വയോജനങ്ങൾക്ക് സംരക്ഷണവും ക്ഷേമവും സുരക്ഷിതത്വവും പ്രദാനംചെയ്യുന്ന ബജറ്റാണിത്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തിയതും കേരളത്തിലെ കാമ്പസുകളിൽ റാഗിങ് തടയാൻ Sidharthan Student Distress App-ഉം, റാഗിങ് തടയാനും വിദ്യാർഥികളുടെ ക്ഷേമം ഉറപ്പുവരുത്താനും Sidharthan Anti Ragging & Student Welfare Act-ഉം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. ഓപ്പറേഷൻ തൂഫാൻ പദ്ധതി നടപ്പാക്കിയതും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ-തൊഴിൽ-സംരംഭകത്വ മേഖലകളിലെ നിലവാരം ഉയർത്തുന്നതിനായി ബജറ്റിൽ തുക വകയിരുത്തിയതും അഭിനന്ദനാർഹമാണ്. സമസ്ത മേഖലകളിലും സമഗ്ര വികസനം ലക്ഷ്യമിടുന്ന ബജറ്റ് നിർദേശങ്ങൾ പ്രതീക്ഷാനിർഭരമാണ്.

ശ്രീ. കെ. എം. അഭിജിത്ത്: ബജറ്റിനെ അനുകൂലിക്കുന്നു. വിദ്യാർഥികളെയും യുവജനങ്ങളെയും പ്രവാസികളെയും ഒരുപോലെ പരിഗണിച്ച ബജറ്റാണിത്. വിലങ്ങാട് വില്ലേജിന്റെ സമഗ്ര പുനരധിവാസത്തിനായി തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനുള്ള തീരുമാനവും വയോജനക്ഷേമ വകുപ്പിന്റെ രൂപീകരണവും സാമൂഹ്യ പ്രതിബദ്ധതയുടെ തെളിവാണ്. ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ്, തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ എന്നീ പദ്ധതികൾ നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ലഹരി മാഫിയക്കെതിരെ ഓപ്പറേഷൻ തൂഫാൻ നടപ്പാക്കിയത് അഭിനന്ദനാർഹമാണ്. പ്രവാസികളെ ചൂഷണംചെയ്യുന്ന വിമാന ടിക്കറ്റ് നിരക്ക് വർധനവിന് പരിഹാരം കാണാനായി എയർ കേരള വിമാന സർവീസ് ആരംഭിക്കണം.

<u>ശ്രീ. ഷിബു തെക്കുംപുറം</u>: ബജറ്റിനെ അനുകൂലിക്കുന്നു. പുതുയുഗ കേരളം സൃഷ്ടിക്കാനുള്ള വ്യക്തമായ കാഴ്ചപ്പാടുകളും പദ്ധതികളുമടങ്ങുന്ന ക്രിയാത്മക ബജറ്റാണിത്. മിഷൻ സമുദ്ര, കേരള നോളജ് വാലി, ഗ്ലോബൽ ജോബ് വാച്ച് ടവർ എന്നീ നൂതനാശയങ്ങൾ സർക്കാരിന്റെ ദീർഘവീക്ഷണത്തോടുകൂടിയുള്ള ചുവടുവയ്പാണ്. കോതമംഗലം നിയോജകമണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം, എറണാകുളത്ത് ജെ. സി. ഡാനിയേൽ അന്താരാഷ്ട്ര ഫിലിം സിറ്റി, ഗ്ലോബൽ കൺവെൻഷൻ സെന്റർ തുടങ്ങിയവ ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാകുമെന്നതിൽ സംശയമില്ല. കോതമംഗലത്ത് ഇൻഫോ പാർക്കിന്റെ സബ് സെന്റർ സ്ഥാപിക്കുന്നതിനും തട്ടേക്കാട്, ഭൂതത്താൻകെട്ട് പോലുള്ള വിവിധ വിനോദസഞ്ചാര മേഖലകളെ കോർത്തിണക്കി ടൂറിസം സർക്യൂട്ട് പ്രഖ്യാപിക്കുന്നതിനും കോതമംഗലത്തെ ഫർണിച്ചർ ഹബ്ബിന്റെ ആസ്ഥാനമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ഫൈസൽ ബാബു</u>: ബജറ്റിനെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനും ജനക്ഷേമത്തിനും മുൻതൂക്കം നൽകുന്ന ബജറ്റാണിത്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ, മിഷൻ സമുദ്ര, ഗ്ലോബൽ ജോബ് വാച്ച് ടവർ, സ്പേസ് പാർക്ക്, സ്പേസ് ഇക്കോണമി, ഡാറ്റ അനലിറ്റിക്സ്, കേരള നോളജ് വാലി, വയനാട് ട്രൈബൽ സർവകലാശാലയും തദ്ദേശീയ വിജ്ഞാന മേഖലയും, പ്രവാസി ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഫണ്ട്, ട്രൂഫാൻ ദൗത്യം എന്നീ നൂതന പദ്ധതികൾക്കായി തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കോഴിക്കോട് ജില്ലയിലെ മാങ്കാവ് പാലവും തൊണ്ടയാട് ജങ്ഷനും വിപുലീകരിച്ച് രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണണം.

<u>ശ്രീ. സജി ചെറിയാൻ</u>: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള കുടിശ്ശികത്തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തണം. രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സ്ത്രീ സുരക്ഷ പെൻഷൻ പദ്ധതി നിലനിർത്തണം. കിഫ്ബി പദ്ധതി മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ സ്വകാര്യ നിക്ഷേപം വർധിപ്പിച്ച് കേരളത്തെ ഡെസ്റ്റിനേഷൻ പോയിന്റാക്കി മാറ്റുന്നത് സ്വകാര്യവൽക്കരണത്തിന് ഇടയാക്കും. മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾക്കുള്ള തുക വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്. മിഷൻ സമുദ്ര, കേരള മാരിടൈം പോളിസി, സതേൺ കേരള ഇക്കണോമിക് കോറിഡോർ, റയർ എർത്ത്

ആൻഡ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ എന്നിവ പുനർനാമകരണംചെയ്ത് ബജറ്റിൽ അവതരിപ്പിച്ചിരിക്കുന്നത് അപലപനീയമാണ്. ആലപ്പുഴയെ ഇന്ത്യയുടെ ബ്ലൂ ഇക്കോണമി തലസ്ഥാനമായി മാറ്റുമെന്ന പ്രഖ്യാപനം പുനഃപരിശോധിക്കണം. അതിവേഗ റെയിൽ പദ്ധതി റദ്ദാക്കിയ തീരുമാനം പുനഃപരിശോധിക്കണം. ബജറ്റിൽ കാർഷിക മേഖലയ്ക്കും ലൈഫ് മിഷൻ പദ്ധതിക്കുമുള്ള തുക വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങളും കുടിശ്ശികയും കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. പ്രവാസികൾക്കുവേണ്ടി ബജറ്റിൽ പുതിയൊരു പ്രഖ്യാപനവുമുണ്ടാകാത്തത് ഖേദകരമാണ്. VB-G RAM G പദ്ധതിക്കായി ബജറ്റിൽ കൂടുതൽ തുക വകയിരുത്തണം.

ശ്രീ. വി. എസ്. ജോയി: ബജറ്റിനെ അനുകൂലിക്കുന്നു. ജനക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പ്രകടനപത്രികയിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതും മലപ്പുറം ജില്ലയ്ക്ക് വലിയ പ്രതീക്ഷ നൽകുന്നതുമായ ബജറ്റാണിത്. മലപ്പുറം ജില്ല വിഭജിച്ച് പുതിയ ജില്ല രൂപീകരിക്കാനുള്ള ചർച്ചക്ക് തുടക്കം കുറിച്ചത് ശ്ലാഘനീയമാണ്. മലബാറിൽ ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കാനും പുതിയ കാൻസർ സെന്റർ ആരംഭിക്കാനും കോഹിനൂർ മുതൽ കരിപ്പൂർ വിമാനത്താവളം വരെയുള്ള എലിവേറ്റഡ് പാത ഉൾപ്പെടെ കരിപ്പൂർ വിമാനത്താവളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. തവനൂർ നിയോജകമണ്ഡലത്തിൽ പോലീസ് സ്റ്റേഷൻ അനുവദിച്ചതും മലപ്പുറം ജില്ലയിലെ തിരൂർ-പൊന്നാനി പുഴയ്ക്ക് കുറുകെയുള്ള കൂട്ടായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപ വകയിരുത്തിയതും പ്രശംസനീയമാണ്. കേരളത്തിന്റെ സമുദ്ര സമ്പത്തും അതിന്റെ സാധ്യതകളും പ്രയോജനപ്പെടുത്താൻ കഴിയുന്ന 'മിഷൻ സമുദ്ര' പദ്ധതി നടപ്പാക്കുമെന്നും സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാരവും ബ്രാൻഡിങ്ങും ഉറപ്പുവരുത്താനുള്ള വിപണി വികസന സംരംഭമായ 'ബ്രാൻഡ് കേരളം' ആരംഭിക്കുമെന്നും ഇന്റർനാഷണൽ ഫിലിം സിറ്റി, സയന്റിഫിക് സിറ്റി, മെഡിക്കൽ സിറ്റി, ഏവിയേഷൻ ഹബ്ബ്, നോളജ് വാലി തുടങ്ങിയ പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ഓപ്പറേഷൻ ക്ലൂഫാൻ, പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി എന്നിവ നടപ്പാക്കിയതും സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ബാർ

ഉടമകളിൽനിന്നുള്ള നികുതി പിരിവിൽ 100 കോടി രൂപയുടെ കുറവുണ്ടായത് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണം.

## VIII റൂളിങ്

ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഡെപ്യൂട്ടി സ്പീക്കർക്ക് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ കീഴ്‌വഴക്കങ്ങളുടെ പേരിൽ അവസരം ലഭിക്കുന്നില്ലെന്നും അതനുവദിക്കണമെന്നും ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി ഷാനിമോൾ ഉസ്മാൻ കഴിഞ്ഞദിവസം സഭയിൽ ബജറ്റ് ചർച്ച ആരംഭിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ അഭ്യർത്ഥിച്ചിരുന്നു. സഭാനേതാവായ ബഹു. മുഖ്യമന്ത്രിയിൽനിന്നും പ്രസ്തുത അഭ്യർത്ഥനയ്ക്ക് അനുകൂലമായ പ്രതികരണമാണുണ്ടായത്. ഇതുസംബന്ധിച്ച് 1957 മുതലുള്ള കാര്യം ചെയർ പരിശോധിക്കുകയുണ്ടായി. 1957 മുതൽ 1991 വരെയുള്ള ഡെപ്യൂട്ടി സ്പീക്കർമാരിൽ 1957-59-ലെ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കെ. ഒ. ഐഷാ ബായിയും 1986-87-ൽ ഡെപ്യൂട്ടി സ്പീക്കറായിരുന്ന കൊരമ്പയിൽ അഹമ്മദ് ഹാജിയും ഒഴികെയുള്ള ഡെപ്യൂട്ടി സ്പീക്കർമാർക്ക് സഭയിൽ ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കാൻ അവസരം ലഭിച്ചിരുന്നു.

ഡെപ്യൂട്ടി സ്പീക്കറുടെ ശമ്പളവും അലവൻസുകളും മന്ത്രിമാരുടെ ശമ്പളത്തിന് തുല്യമാക്കിയതിനുശേഷമാണ് 1991 മുതലുള്ള ഡെപ്യൂട്ടി സ്പീക്കർമാർ ഈ അവകാശം വിനിയോഗിക്കാതെ വന്നത്. കാബിനറ്റ് റാങ്കിലുള്ള ചീഫ് വിപ്പ് നിലവിൽ ഈ അവകാശം ഉപയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 1991 മുതൽ തുടർന്നുവരുന്ന കൺവെൻഷൻ മാറ്റി ഡെപ്യൂട്ടി സ്പീക്കർക്ക് സഭയിൽ ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ അവതരിപ്പിക്കുന്നതിന് അനുവാദം നൽകാൻ ചെയർ തീരുമാനിക്കുന്നു. ഡെപ്യൂട്ടി സ്പീക്കർ അപ്രകാരമുള്ള നോട്ടീസ് നൽകുന്ന പക്ഷം അതിന് മുൻഗണന നൽകുന്നതായിരിക്കും.

## IX അറിയിപ്പ്

(1) ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടി

പോഷക സുരക്ഷാ വിഭവം എന്ന നിലയ്ക്ക് ചക്കയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമാക്കി ജാക്ക് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ

സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടി ഇന്ന് നിയമസഭാ സമ്മേളനത്തിനുശേഷം മെമ്പേഴ്സ് കാന്റീനിൽ (റൂം നമ്പർ 519) സംഘടിപ്പിക്കുന്നുണ്ട്.

(2) നിയമസഭാ സാമാജികരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള സൗഹൃദ ഫുട്ബോൾ മത്സരം

നിയമസഭാ സാമാജികരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള ഒരു സൗഹൃദ ഫുട്ബോൾ മത്സരം ഇന്ന് വൈകുന്നേരം ആറ് മണിക്ക് കോവളം ഇൻഡോർ സ്പോർട്സ് ഹബ്ബ് (കോവളം ടർഫ്)-ൽവച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പരിപാടികളിൽ എല്ലാ ബഹുമാനപ്പെട്ട സാമാജികരുടെയും സാന്നിധ്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. വാഹന സൗകര്യം നിയമസഭാ ഹോസ്റ്റലിൽനിന്നും ഒരുക്കിയിട്ടുണ്ട്.

(സഭ ഉച്ചയ്ക്കുശേഷം 2.58-ന് പിരിഞ്ഞു.)

* * *